പരാഗ്വേയ്ക്ക് വേണ്ടി ആദ്യ ഗോൾ നേടിയ ബൊഗാഡോയുടെ ആഹ്ലാദം

കളിച്ചതെല്ലാം ജയിച്ച് പരാഗ്വേ പ്രീക്വാർട്ടറിൽ

■ മൂന്നാംമത്സരത്തിൽ പരാഗ്വേ തുർക്കിയെ 3 - 1 ന് കീഴടക്കി

മുംബയ്: ഗ്രൂപ്പ് റൗണ്ടിലെ എല്ലാ മത്സരത്തിലും വിജയിച്ച് ഒന്നാംസ്ഥാനക്കാരായി പരാഗ്വേ അണ്ടർ 17 ലോകകപ്പിന്റെ പ്രീക്വാർട്ടറിലേക്ക് കടന്നു. ഇന്നലെ മുംബയിൽ നടന്ന മൂന്നാം മത്സരത്തിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തുർക്കിയെയാണ് ലാറ്റിനമേരിക്കൻ കരുത്തർ കീഴടക്കിയത്.

41-ാം മിനിട്ടിൽ ബൊഗാഡോ, 43-ാം മിനിട്ടിൽ കാർഡോസോ, 61-ാം മിനിട്ടിൽ ഗലിയാനോ എന്നിവർ നേടിയ ഗോളുകൾക്കാണ് പരാഗ്വേ വിജയം കണ്ടത്. മത്സരത്തിന്റെ അവസാന വിസിലിന് തൊട്ടുമുമ്പ് കെറാമാണ് തുർക്കിയുടെ ആശ്വാസഗോൾ നേടിയത്.

ആദ്യമത്സരത്തിൽ മാലിയെ 3-2 ന് തോല്പിച്ചിരുന്ന പരാഗ്വേ രണ്ടാം മത്സരത്തിൽ ന്യൂസിലൻഡിനെ 4 - 2 നാണ് കീഴടക്കിയിരുന്നത്. ഇതോടെ ഗ്രൂപ്പിലെ മൂന്ന് മത്സരങ്ങളിൽനിന്ന് പരാഗ്വേയ്ക്ക് ഒമ്പത് പോയിന്റായി. ഈ മത്സരങ്ങളിൽ നിന്ന് അവർ നേടിയത് 10 ഗോളുകളും.

ഇന്നലെ മത്സരത്തിന്റെ രണ്ടാം മിനിട്ടിൽത്തന്നെ പരാഗ്വേയ്ക്ക് അനുകൂലമായി ഒരു പെനാൽറ്റി കിക്ക് ലഭിച്ചെങ്കിലും ഗോളായിരുന്നില്ല. അനിബാൾ വേഗ എടുത്ത പെനാൽറ്റി തുർക്കി ഗോളി ബെർക്കെ ഓസെർ സേവ് ചെയ്യുകയായിരുന്നു. എന്നാൽ 41-ാം മിനിട്ടിൽ 25 വരെ അകലെ നിന്നെടുത്ത ഒരു ഫ്രീകിക്ക് വലയിലാക്കി ബൊഗഡോ ഓസെറെ പരാജയപ്പെടുത്തി. രണ്ട് മിനിട്ടിനുള്ളിൽ തുർക്കിയുടെ വല തുളച്ച് അടുത്ത ഗോളും വീണു. ഇടതുവിംഗിലെ പ്രതിരോധപ്പൂട്ട് തകർത്തുവന്ന കാർഡോസ പോസ്റ്റിനരികിൽ നിന്ന് പന്ത് തട്ടിവലയിലേക്കിടുകയായിരുന്നു. 61-ാം മിനിട്ടിലാണ് ഗലിയാനോയുടെ ഇടംകാലനടി ഗോളായി മാറിയത്. രണ്ടാം പകുതി അവസാനിക്കാറായ സമയത്താണ് ബോക്സിന്റെ അരികിൽ നിന്നുള്ള കെറാമിന്റെ കുറ്റൻ ഷോട്ട് പരാഗ്വേ വലയിൽ കയറിയത്. ബി ഗ്രൂപ്പിൽ നിന്ന് പരാഗ്വേയും മാലിയും പ്രീക്വാർട്ടറിലേക്ക് കടന്നപ്പോൾ ന്യൂസിലൻഡും മാലിയും പുറത്തായി.

കിവിക്കൂട് തകർത്ത് മാലി

■ ന്യൂസിലൻഡിനെ 3-1ന് കീഴടക്കി മാലി പ്രീക്വാർട്ടറിൽ

ന്യൂഡൽഹി: ഗ്രൂപ്പ് റൗണ്ടിലെ അവസാന മത്സരത്തിൽ ന്യൂസിലൻഡിനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് കീഴടക്കി മാലി അണ്ടർ-17 ലോകകപ്പിന്റെ പ്രീക്വാർട്ടറിലെത്തി. ഗ്രൂപ്പ് ബിയിൽ പരാഗ്വേയ്ക്ക് പിന്നിൽ രണ്ടാംസ്ഥാനക്കാരായാണ് മാലി അടുത്ത റൗണ്ടിലേക്ക് കടന്നത്.

ഇന്നലെ ഡൽഹിയിൽ നടന്ന മത്സരത്തിൽ ന്യൂസിലൻഡുകാരെ തികച്ചും അപ്രസക്തമാക്കിയാണ് മാലി വിജയം നേടിയത്. ആദ്യപകുതിയിൽ ഒരു ഗോളിന് മുന്നിട്ടു നിന്ന മഞ്ഞക്കുപ്പായക്കാർ രണ്ടാംപകുതിയുടെ തുടക്കത്തിൽത്തന്നെ ലീഡ് വർദ്ധിപ്പിച്ചു. ഒരു ഗോൾ തിരിച്ചടിച്ച് തിരിച്ചുവരവിനൊരുങ്ങിയ കിവിസിനെ ഒരിക്കൽക്കൂടി ശിക്ഷിച്ചാണ് മാലിക്കാർ മത്സരം അവസാനിപ്പിച്ചത്.

ആദ്യമത്സരത്തിൽ പരാഗ്വേയോട് 3-2ന് കീഴടങ്ങിയിരുന്ന മാലി രണ്ടാം മത്സരത്തിൽ തുർക്കിയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചിരുന്നു. ആ വിജയത്തിന്റെ തുടർച്ചയാണവർ ഇന്നലെ ഡൽഹിയിൽ സ്വന്തമാക്കിയതും.

മത്സരത്തിന്റെ തുടക്കത്തിൽത്തന്നെ രണ്ട് അവസരങ്ങൾ പോസ്റ്റിൽ തട്ടിത്തെറിച്ച മാലിക്കുവേണ്ടി 18-ാം മിനിട്ടിൽ സലാം ജിദ്ദോയാണ് ആദ്യഗോൾ സ്കോർ ചെയ്തത്. ട്രാവോർ ദെയ്മൂസ നൽകിയ പാസിൽ ഫസ്റ്റ് ടച്ചിലൂടെ ഗോളാക്കി മാറ്റുകയായിരുന്നു സലാം. രണ്ടാംപകുതിയുടെ അഞ്ചാം മിനിട്ടിൽ ദെയ്മൂസയും ഗോൾ നേടി. 72-ാം മിനിട്ടിൽ സ്പ്രാഗാണ് ന്യൂസിലൻഡിന്റെ ഗോൾ നേടിയത്. എന്നാൽ 82-ാം മിനിട്ടിൽ ദെയ്മൂസയുടെ രണ്ടാം ഗോൾ മാലിയുടെ വിജയം ആധികാരികമാക്കി മാറ്റി.

ചരിത്രം കുറിക്കാൻ വനിതാ റഫറി എസ്തർ

കൊൽക്കത്ത : നാളെ കൊൽക്കത്തയിൽ അരങ്ങേറുന്ന ജപ്പാനും ന്യൂകാലിഡോണിയയും തമ്മിലുള്ള അണ്ടർ-17 ലോകകപ്പ് മത്സരം ചരിത്രമാകുന്നത് കളിക്കാരുടെ പേരിലല്ല. കളി നിയന്ത്രിക്കുന്നയാളിന്റെ പേരിലാകും. ഈ മത്സരത്തിന്റെ മുഖ്യ റഫറിയാകുന്നത് സ്വിറ്റ്സർലൻഡുകാരി എസ്തർ സ്റ്റൗബ്ലിയാണ്. ചരിത്രത്തിലാദ്യമായി ഒരു പുരുഷ ലോകകപ്പിന്റെ മുഖ്യ റഫറിയാകുന്ന വനിതയാണ് 38 കാരിയായ എസ്തർ.

ഈ ലോകകപ്പിൽ വനിതാ റഫറിമാരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് ഫിഫ സ്വീകരിച്ചിരിക്കുന്നത്. ഏഴ് വനിതാ റഫറിമാരെയാണ് ഈ ലോകകപ്പിനായി ഫിഫ ഇന്ത്യയിലേക്ക് അയച്ചത്.

കഴിഞ്ഞു! ഇന്ത്യയുടെ ലോകകപ്പ്

■ അവസാന മത്സരത്തിൽ ഇന്ത്യ എതിരില്ലാത്ത നാല് ഗോളുകൾക്ക് ഘാനയോട് തോറ്റു

◗ പ്രസൂൻ കണ്ടത്ത്

ന്യൂഡൽഹി: ഒരു വിജയം സ്വപ്നമായി അവശേഷിപ്പിച്ച് ഇന്ത്യൻ ഫുട്ബാൾ ടീമിന്റെ ആദ്യ ലോകകപ്പ് മോഹങ്ങൾ അസ്തമിച്ചു. ഇന്നലെ ന്യൂഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഘാനയോട് എതിരില്ലാത്ത നാല് ഗോളുകൾക്ക് തോൽവി നേരിടുകയായിരുന്നു ഇന്ത്യ. ഇതോടെ ടൂർണമെന്റിലെ ഇന്ത്യയുടെ സാന്നിദ്ധ്യം ഇനി ആതിഥേയത്വത്തിലൊതുങ്ങും.

പ്രീക്വാർട്ടറിലെത്താൻ വൻ മാർജിനിലെ വിജയം അനിവാര്യമായിരുന്ന ഇന്ത്യ ആദ്യ പകുതിയിൽ ഒന്നും രണ്ടാം പകുതിയിൽ മൂന്നും ഗോളുകൾ വഴങ്ങിയാണ് ഈ ലോകകപ്പിലെ മൂന്നാം തോൽവി ഏറ്റുവാങ്ങിയത്. ആദ്യ മത്സരത്തിൽ അമേരിക്കയോട് എതിരില്ലാത്ത രണ്ടുഗോളുകൾക്കാണ് ഇന്ത്യ തോറ്റത്. രണ്ടാം മത്സരത്തിൽ കൊളംബിയയോട് ചരിത്രത്തിലാദ്യമായി ലോകകപ്പ് ഗോൾ നേടിയശേഷം 2-1ന് കീഴടങ്ങി.

പൊരുതി നിന്ന ശേഷം ഘാനയുടെ കായിക കരുത്തിനും കളി മിടുക്കിനും മുന്നിൽ ഇന്ത്യ അടിയറവു പറയുകയായിരുന്നു. ആദ്യ പകുതിയിൽ ഒരു ഗോൾമാത്രം വഴങ്ങി മികച്ച കളി പുറത്തെടുത്ത ഇന്ത്യയെ മുൻ ചാമ്പ്യൻമാർ രണ്ടാം പകുതിയിലാണ് വലച്ചത്. ഘാനയ്ക്കുവേണ്ടി ക്യാപ്ടൻ എറിക് ഐെയ്യ(2), റിച്ചാർഡ് ഡാൻസോ, ഇമ്മാനുവൽ ടോകു എന്നിവർ ഗോൾ നേടി.

തോറ്റെങ്കിലും കായിക മികവും കളി പരിചയവുമുണ്ടെങ്കിൽ ഏത് എതിരാളികളെയും വിറപ്പിക്കാൻ കഴിയുമെന്ന് തെളിയിച്ചാണ് പോർച്ചുഗീസ്കാരൻ ലൂയിസ് നോർത്തൻ ഡി മാത്തോസ് പരിശീലിപ്പിച്ച ഇന്ത്യൻ ടീം മടങ്ങുന്നത്.

പ്രതിരോധിച്ചും ആക്രമിച്ചുമാണ് ഇന്ത്യ കളിച്ചത്. എന്നാൽ ഒന്നാംപകുതിയുടെ 43-ാംമിനിട്ടിൽ ഇന്ത്യയെ ഞെട്ടിച്ച് ആദ്യ ഗോൾ വീണു. അതുവരെ ഉറച്ചു നിന്ന ഇന്ത്യൻ പ്രതിരോധത്തിലെ വിള്ളൽ മുതലെടുത്ത് ബോക്സിനുള്ളിൽ പരസ്പര ധാരണയോടെ ഘാന നടത്തിയ നീക്കം ഗോളിൽ കലാശിക്കുകയായിരുന്നു. ഇബ്രാഹിം സുള്ളെ ബോക്സിന്റെ ഇടതുമൂലയിലൂടെ കയറി പോസ്റ്റ് ലക്ഷ്യമാക്കി തൊടുത്ത ഷോട്ട് ധീരജിന് പൂർണമായി തട്ടിയകറ്റാനായില്ല. പന്ത് കരസ്ഥമാക്കിയ ക്യാപ്ടൻ എറിക് ഐെയ്യയ്ക്ക് പിഴവില്ലാതെ പോസ്റ്റിലേക്ക് അടിച്ചു കയറ്റി.

51-ാം മിനിട്ടിലാണ് ഘാന ലീഡ് ഉയർത്തിയത്. ഇന്ത്യൻ ബോക്സിലേക്ക് ഒറ്റയ്ക്ക് മുന്നേറിയ ആർകോ മെൻസയുടെ ആദ്യ ഷോട്ട് ബോറിസ് പ്രതിരോധിച്ചെങ്കിലും അപകടം ഒഴിവായില്ല. പന്ത് വീണ്ടെടുത്ത മെൻസ ബോക്സിനുള്ളിലേക്ക് ഓടിയെത്തിയ എറിക് അയ്യായ്ക്ക് നൽകി. എറിക്കിന്റെ ഷോട്ട് ഗോളി ധീരജിനെ കബളിപ്പിച്ച് പോസ്റ്റിന്റെ വലതു മൂലയിലേക്ക്.

എറിക്കിന് പകരം ഇറങ്ങിയ റിച്ചാർഡ് ഡാൻസോ 86-ാംമിനിട്ടിൽ മൂന്നാം ഗോൾ നേടി. ഇന്ത്യൻ പ്രതിരോധ നിര മുന്നോട്ടു കയറി നിന്ന പിഴവിൽ നിന്ന് മിഡ്ഫീൽഡിൽ നിന്ന് ലഭിച്ച പന്തുമായി ഒറ്റയ്ക്ക് ബോക്സിലേക്ക് മുന്നേറിയ ഡാൻസോ വലതുമൂലയിലേക്ക് പ്ലേസ് ചെയ്ത പന്ത് തടയാൻ ധീരജിന് കഴിയില്ല. മൂന്നാം ഗോൾ വീണതോടെ അടിതെറ്റിയ ഇന്ത്യയുടെ ദൗർബല്യം മുതലെടുത്താണ് പത്താം നമ്പരുകാരൻ ഇമ്മാനുവൽ ടോകു പട്ടിക തികച്ച നാലാം ഗോൾ നേടിയത്. പ്രതിരോധ നിരയിലെ വിള്ളൽ മുതലെടുത്ത് അബ്ദുൾ യൂസഫ് തൊടുത്ത ഷോട്ട് ധീരജിനെയും മറികടന്ന് ഇടതുപോസ്റ്റിൽ തട്ടി റീബൗണ്ടു ചെയ്തു. മാർക്കു ചെയ്യാതെ നിന്ന ടോക്കുവിന്റെ ഷോട്ട് നോക്കി നിൽക്കാനെ ധീരജിന് കഴിഞ്ഞുള്ളൂ.

കൊളംബിയയെ ധീരമായ നേരിട്ട കളിയുടെ തുടർച്ചയായിരുന്നു ഇന്നലത്തെ ഇന്ത്യയുടെ കളി. രണ്ടു തവണ ലോക ചാമ്പ്യൻമാരായ ഘാനയെ അർഹമായ ബഹുമാനത്തോടെ അവർ നേരിട്ടു. പോസ്റ്റിനു കീഴിൽ ധീരജ് മികച്ച സേവുകൾ ആവർത്തിച്ചു.

കൊളംബിയയ്ക്ക് വിജയം

ഇന്നലെ നടന്ന മറ്റൊരു ഗ്രൂപ്പ് എ മത്സരത്തിൽ കൊളംബിയ 3-1ന് അമേരിക്കയെ കീഴടക്കി പ്രീക്വാർട്ടറിലെത്തി. മൂന്നാം മിനിട്ടിൽ വിദാൽ നേടിയ ഗോളിന് ലീഡെടുത്ത കൊളംബിയയെ 24-ാം മിനിട്ടിൽ അക്കോസ്റ്റയിലൂടെ അമേരിക്ക സമനിലയിൽ പിടിച്ചിരുന്നു. എന്നാൽ, 67-ാം മിനിട്ടിൽ വെനലോസയും 87-ാം മിനിട്ടിൽ കായ്കേഡോയും നേടിയ ഗോളുകൾ കൊളംബിയയുടെ വിജയം ഉറപ്പിച്ചു.

തിരിച്ചടിയായത് പരിചയക്കുറവ് : വിജയൻ

ന്യൂഡൽഹി: അണ്ടർ 17 ലോകകപ്പിൽ ഇന്ത്യൻ കുട്ടികൾ നല്ല കളി കളിച്ചെങ്കിലും പരിചയക്കുറവ് നന്നായി പ്രകടമായെന്ന് ഇന്ത്യൻ ഫുട്ബാൾ താരം ഐ.എം. വിജയൻ പറഞ്ഞു. കെ.യു. ഡ. ബ്ള്യു. ജെ ഡൽഹി ഘടകം സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു വിജയൻ.

ബ്രസീലിന്റെ കുട്ടികളുടെ കളി സീനിയർ ടീമിന്റേതിനോട് കിടപിടിക്കുന്നതാണ്. നമ്മൾ വളരാൻ ഏറെയുണ്ട്. കളി മിടുക്കുണ്ടെങ്കിലും കായികക്ഷമതയിൽ വിദേശ കളിക്കാരോട് കിടപിടിക്കാനാകുന്നില്ല.

അണ്ടർ-എട്ട് തലം മുതൽ കുട്ടികളെ വളർത്തി കൊണ്ടുവരികയാണ് ഇന്ത്യൻ ഫുട്ബാളിന്റെ വളർച്ചയ്ക്ക് നല്ലത്. ലോകകപ്പിനു മുൻപ് പരിശീലന മത്സരത്തിനു പകരം ഇംഗ്ലണ്ട് അടക്കമുള്ള ടീമുകളെ ഉൾപ്പെടുത്തി ടൂർണമെന്റ് സംഘടിപ്പിച്ചിരുന്നെങ്കിൽ നന്നായിരുന്നേനെ.

കേരളത്തിൽ കേരള പൊലീസിലും മറ്റും പുതിയ താരങ്ങളെ റിക്രൂട്ട് ചെയ്യുന്നത് പഴയ പോലെ എളുപ്പമല്ല. എസ്.ബി.ടി, കെ.എസ്.ഇ.ബി പോലുള്ള ക്ലബുകൾ ഇല്ലാതായത് ചെറുപ്പക്കാരുടെ അവസരങ്ങൾ ഇല്ലാതാക്കി. ഫുട്ബാൾ അക്കാഡമികൾ കൂടുതൽ പ്രൊഫഷണൽ ആകണം.

ഐ.എസ്.എല്ലും മറ്റും വന്നതോടെ കുട്ടികളെ ഫുട്ബാൾ പരിശീലിപ്പിക്കാൻ രക്ഷിതാക്കൾ തയ്യാറാകുന്നുണ്ട്. ലോകകപ്പും ഒരു വഴിത്തിരിവാകും. എ.എഫ്.സി. കപ്പിന് യോഗ്യത നേടിയതും നേട്ടമാണ്.

ഫിഫാ ലോകകപ്പിൽ കൊളംബിയയ്ക്കെതിരെ ഇന്ത്യൻ ടീം ആദ്യ ഗോളടിച്ചതിന്റെ ആവേശത്തിൽ മുഴുകിയതാണ് രണ്ടാം ഗോളിന് കാരണമായത്. നമ്മൾ ജയിക്കേണ്ട മത്സരമായിരുന്നു അത്. കെ.പി. രാഹുലിന്റെ ഗോൾ മിസായത് നിർഭാഗ്യമായി. ഡിഫൻഡർമാർ പരാജയപ്പെടുമ്പോൾ ബുദ്ധിപൂർവ്വം ബോക്സിനു പുറത്തിറങ്ങി കളിക്കാൻ ധൈര്യം കാട്ടുന്ന ഇന്ത്യൻ ഗോളി ധീരജ് ഭാവിയുടെ താരമാണ്.

കൊച്ചിയിൽ ഫിഫ നടപ്പാക്കിയ നിയന്ത്രണങ്ങൾ ഫുട്ബാൾ പ്രേമികളെ ബുദ്ധിമുട്ടിക്കുന്നുണ്ടെന്നും വിജയൻ പറഞ്ഞു.

കൊച്ചിയിൽ ഇന്ന് ജർമ്മനിയെ കാണാം

ജർമ്മനി Vs ഗ്വിനിയ
(വൈകിട്ട് 5 മുതൽ)

- ലോക ചാമ്പ്യൻമാരായ ജർമ്മനിയുടെ പിൻമുറക്കാർ ഇന്ന് കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പന്തുതട്ടാനിറങ്ങും.
- അണ്ടർ 17 ലോകകപ്പിന്റെ ഗ്രൂപ്പ് ഡിയിലെ അവസാന മത്സരത്തിൽ ഗ്വിനിയയാണ് ജർമ്മനിയുടെ എതിരാളികൾ.
- കഴിഞ്ഞ മത്സരത്തിൽ ഇറാനിൽ നിന്ന് അപ്രതീക്ഷിത തോൽവി ഏറ്റുവാങ്ങിയ ജർമ്മനി പ്രീക്വാർട്ടറിലെത്താൻ ഇന്നത്തെ വിജയം അനിവാര്യമാണ്.
- ആദ്യ കളിയിൽ കോസ്റ്റാറിക്കയെ 2-1ന് തോൽപ്പിച്ചിരുന്ന ജർമ്മനി എതിരില്ലാത്ത നാല് ഗോളുകൾക്കാണ് ഇറാനോട് തോറ്റത്.
- ഇതുവരെ ഒരു കളിപോലും ജയിക്കാത്ത ടീമാണ് ഗ്വിനിയ. ആദ്യ മത്സരത്തിൽ ഇറാനോട് തോറ്റ അവർ രണ്ടാം മത്സരത്തിൽ കോസ്റ്റാറിക്കയെ സമനിലയിൽ പിടിച്ചിരുന്നു.
- ഒന്നും നഷ്ടപ്പെടാനില്ലാത്തതിനാൽ ആക്രമിച്ച് കളിക്കാൻ തന്നെയാകും ഗ്വിനിയക്കാരുടെ തീരുമാനം.
- കഴിഞ്ഞ കളിയിലെ തോൽവി നൽകിയ ആഘാതത്തിൽ നിന്ന് കരകയറുക എന്നതാണ് ജർമ്മനി നേരിടുന്ന വെല്ലുവിളി.
- ഗ്രൂപ്പിലെ രണ്ട് മത്സരങ്ങളും ജയിച്ചു കഴിഞ്ഞ ഇറാൻ ഇന്ന് നടക്കുന്ന മത്സരത്തിൽ കോസ്റ്റാറിക്കയെ നേരിടും. ഗോവയിലാണ് ഈ മത്സരം.

അണ്ടർ 17 ലോകകപ്പിൽ ഗ്വിനിയയ്ക്കെതിരായ മത്സരത്തിന് മുന്നോടിയായി കൊച്ചി നെഹ്റുസ്റ്റേഡിയത്തിൽ എത്തിയ ജർമ്മൻ താരങ്ങൾ പരിശീലനത്തിൽ

ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്

സ്പെയിൻ Vs നൈജർ
(രാത്രി 8 മുതൽ)

- ആദ്യ മത്സരത്തിൽ ബ്രസീലിനോട് തോറ്റ ശേഷം നൈജറിനെ കീഴടക്കി ആത്മവിശ്വാസം വീണ്ടെടുത്ത സ്പെയിനിന്റെ അവസാന ഗ്രൂപ്പ് മത്സരത്തിനും കൊച്ചി ഇന്ന് വേദിയാകും.
- ഇതുവരെ ഒറ്റക്കളിയും ജയിക്കാത്ത ഉത്തര കൊറിയയാണ് സ്പെയിനിന്റെ എതിരാളികൾ.
- കൊച്ചിയിൽ നടന്ന ആദ്യ ലോകകപ്പ് മത്സരത്തിൽ സ്പെയിൻ ബ്രസീലിനോട് ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽക്കുകയായിരുന്നു.
- കഴിഞ്ഞ മത്സരത്തിൽ നൈജറിനെ എതിരില്ലാത്ത നാല് ഗോളുകൾക്കാണ് സ്പാനിഷ് പട കീഴടക്കിയത്.
- ഇരട്ട ഗോളടിച്ച നായകൻ ആബേൽ റൂയിസിന്റെ നേതൃത്വത്തിലുള്ള മുന്നേറ്റ നിര ഫോമിലേക്ക് ഉയർന്നതാണ് സ്പെയിൻ ടീമിന്റെ ആത്മവിശ്വാസം.
- ആദ്യ കളിയിൽ നൈജറുമായി തോറ്റിരുന്ന ഉത്തര കൊറിയയെ രണ്ടാം മത്സരത്തിൽ ബ്രസീലാണ് കീഴടക്കിയിരുന്നത്.
- ഇന്ന് നടക്കുന്ന ഗ്രൂപ്പ് ഡിയിലെ മറ്റൊരു മത്സരത്തിൽ ബ്രസീൽ നൈജറിനെ നേരിടും. രാത്രി 8ന് ഗോവയിലാണ് ഈ മത്സരം.
- ആദ്യ രണ്ട് മത്സരങ്ങളും ജയിച്ച ബ്രസീൽ പ്രീക്വാർട്ടർ ഉറപ്പാക്കിക്കഴിഞ്ഞു.
- ആദ്യ കളിയിൽ ഉത്തര കൊറിയയെ തോൽപ്പിച്ച നൈജറിന് സമനില പിടിച്ചാൽ പ്രീക്വാർട്ടർ സാദ്ധ്യതയുണ്ട്.